പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 886 05.03.2018-ൽ മറുപടിക്ക്

നൂറനാട് മുക്കാട് പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ. രാജേഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നൂറനാട് മുക്കാട് പാലം പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി). പൊതുമരാമത്ത് വകുപ്പിന്റെ പി.ഡബ്ല്യു.ഡി. ഡി- സെക്ഷനിൽ നിന്നും (ഫയൽ നമ്പർ 454/17) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 26.12.2017 ൽ ചീഫ് എഞ്ചിനീയർക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) & (ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നൂറനാട് മുക്കാട് പാലം നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ തദ്ദേശ സ്വയംഭരണവകുപ്പാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ബഹു. മാവേലിക്കര എം.എൽ.എ-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി. പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുവാൻ തീരുമാനിക്കുകയും അതിനെതുടർന്ന് ഈ വകുപ്പിലെ PWD-D1/454/2017-PWD നമ്പർ ഫയലിൽ നിന്നും പ്രസ്തുത പദ്ധതിയുടെ മണ്ണ് പരിശോധന റിപ്പോർട്ടും ഡിസൈനും പൊതു മരാമത്ത് വകുപ്പിന് കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറോടും, ടി പദ്ധതിയുടെ ഡിസൈൻ പുന:പരിശോധിച്ച് പ്രൂഫ് ചെക്ക് ചെയ്ത് ആവശ്യം വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറോടും നിർദ്ദേശം നൽകുകയും കൂടാതെ ഇപ്രകാരമുള്ള പരിശോധനകൾക്കുശേഷം പദ്ധതിയ്ക്ക് വേണ്ട പുതുക്കിയ ഭരണാനുമതികൾക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ മണ്ണ് പരിശോധന റിപ്പോർട്ടും ഡിസൈനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ഇവ പ്രൂഫ് ചെക്കിംഗിനായി ഡിസൈൻ വിഭാഗത്തിനു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ